A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

812

# വാർഷിക മൂല്യനിർണയം - 2016 - 2017

# മലയാളം

# അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ്: VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ**

1. പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
2. ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1, 2 ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. "പൂവാലീ, കരയാനുള്ള നേരമല്ലിത്. നമുക്കുടനെ പുറപ്പെടണം. മണ്ണിൽ എവിടെയെങ്കിലുമുണ്ടാകും, ജീവനെ കുളിരണിയിക്കാൻ നിറയെ വെള്ളമുള്ള ഒരിടം."
ഈ വാക്യങ്ങളിൽ തെളിയുന്ന ഭാവമെന്ത്? 1

(സ്നേഹം, ആശങ്ക, പ്രതീക്ഷ, നിരാശ)

2. 'കുട്ടികൾ എന്നെ ആസൂയയോടെ നോക്കുന്നുണ്ടായിരുന്നു. വലിയ ഉത്തരവാദിത്വം രാമൻനായർ എന്നെയാണ് ഏൽപ്പിച്ചിരുന്നത്.'
അടിവരയിട്ട പദം എം.ടിയുടെ ഏതു മനോഭാവമാണ് വ്യക്തമാക്കുന്നത്? 1

(അഹങ്കാരം, അഭിമാനം, സ്നേഹം, വിനയം)

3. "താങ്കളെൻ കിടാവിനെ
എടുത്തു മടിയിൽച്ചേർ-
ത്തിരുത്തി വികൃതിക-
ളുരച്ചും കളിചിരി-
യുതിർത്തും രണ്ടാം ബാല്യം
ഇമ്പമായ് നുണച്ചിരി-
ക്കുമ്പോൾ..."

'രണ്ടാം ബാല്യം' എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ വ്യക്തമാക്കുക. 2

4. അർഥവ്യത്യാസം വരാതെ ചെറുവാക്യങ്ങളാക്കി മാറ്റുക. 2

വീട്ടിൽനിന്നു ഫ്ളാറ്റിലേക്ക് മാറിയപ്പോൾ പ്രകൃതിയെ കാണാനാവാത്ത അവസ്ഥയുണ്ടായി.

5. 'ചുമ്മാ വേവലാതികളെയും കാര്യകാരണസഹിതമുള്ള വേവലുകളെയും കൊണ്ട് സദാ അശാന്തമാകാറുള്ള എന്റെ മനസ്സ്, മഴ വീണുകഴിയുമ്പോൾ പുറമെയുള്ള എന്നെപ്പോലെ അകമെയും ഒരാഘോഷമായി മാറും.'
*- പ്രിയ എ.എസ്.*

ഈ വാക്യത്തിൽനിന്ന് എഴുത്തുകാരിയെക്കുറിച്ച് ലഭിക്കുന്ന ഏതെങ്കിലും രണ്ടു സൂചനകൾ കുറിക്കുക. 2



www.spandanamnews.blogspot.in

6. വലയത്തിൽ നിന്ന് ഉചിതമായവ കണ്ടെത്തി പട്ടിക ക്രമീകരിക്കുക.

(പൊൻകുന്നം വർക്കി, ആൽകെമിസ്റ്റ്, നനയാത്ത് മഴ, പൗലോ കൊയ്‌ലോ, തേൻകനി, പ്രിയ എ.എസ്, വയലാ വാസുദേവൻപിള്ള, ആ വാഴവെട്ട്) (4)

| പാഠസന്ദർഭം | രചയിതാവ് | രചന |
|---|---|---|
| എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക. | | |
| ഇരുട്ടിൽ കാടിനെന്തൊരു ഭംഗി...! | | |
| സന്തോഷത്തിന്റെ രഹസ്യമറിയണം, അല്ലേ? പക്ഷേ, തൽക്കാലം തിരക്കുണ്ട്. | | |
| എന്റെ കണ്ണിലും മഴയായിരുന്നല്ലോ; കണ്ണീർമഴ. | | |

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ** **(4 x 4 = 16)**

7. "മത്സരബുദ്ധിയോടെ ഞാൻ ആരുടെയും വേഷഭൂഷാദികളെ നോക്കിയിട്ടില്ല."

"കല്യാണത്തിനു പോകുമ്പോൾ നല്ല കുപ്പായവും ട്രൗസറും വേണ്ടേ? അതായിരുന്നു എന്റെ മനസ്സിൽ."

എം.ടിയുടെ അനുഭവക്കുറിപ്പിലെ ഒരു കഥാപാത്രമായി മാറുകയാണ് കുപ്പായം.

പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്താവനയോടുള്ള പ്രതികരണം വ്യക്തമാക്കുക.

8. "മഴ എന്റെ ബന്ധുവാണ്, കൈകോർത്തു നടന്നിട്ടില്ല ഞങ്ങളെങ്കിലും
ഒപ്പിയെടുത്താലെന്നപോലെ എന്നെ നന്നായറിയാം മഴയ്ക്ക്."

"ഇത്തിരിനേരംകൂടി കഴിഞ്ഞ് പോയാൽ മതി എന്നൊരു സ്നേഹശാഠ്യം ഉള്ളിൽ നിറഞ്ഞ് ഞാൻ മഴയുടേതാകുന്നു." - *പ്രിയ എ.എസ്.*

"രാത്രിമഴയോട് ഞാൻ പറയട്ടെ, നിന്റെ-
ശോകാർദ്രമാം സംഗീതമറിയുന്നു ഞാൻ
നിന്റെയലിവും അമർത്തുന്ന രോഷവും
ഇരുട്ടത്തു വരവും തനിച്ചുള്ള തേങ്ങിക്കരച്ചിലും
പുലരിയെത്തുമ്പോൾ മുഖം തുടച്ചുള്ള നിൻ
ചിരിയും തിടുക്കവും നാട്യവും ഞാനറിയും." *(രാത്രിമഴ - സുഗതകുമാരി)*

രണ്ടെഴുത്തുകാരും അവതരിപ്പിച്ച മഴയനുഭവങ്ങൾ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

9. "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല."

"കൈക്കൂലി മെല്ലെ പിടുങ്ങുവാനല്ലാതെ
ഇക്കാരിയക്കാരന്മാർക്കില്ല വാഞ്ഛിതം"

കുഞ്ചൻനമ്പ്യാരുടെ വരികളുടെ സമകാലികപ്രസക്തി വിലയിരുത്തി കുറിപ്പ് തയാറാക്കുക.

10. 'അന്നു മഴ കഴിഞ്ഞ് ഞാൻ വിതുമ്പിക്കരഞ്ഞു. രാത്രിയിൽ തലയണയിൽ മുഖമമർത്തിക്കൊണ്ട് ഇരുട്ടിനോട് എന്തിനെന്നെയിങ്ങനെ... എന്നു ചോദിച്ചു. മതിവരുവോളം കരഞ്ഞു.'

*(പ്രിയ എ.എസ്.)*

"എന്റെ കുപ്പായൊന്നും നന്നല്ലമ്മേ. കല്യാണത്തിനു വരുന്ന കുട്ട്യോള് കണ്ടാ പരിഹസിക്ക്ല്യേ."

- *(എം.ടി. വാസുദേവൻനായർ)*

എഴുത്തുകാരുടെ മാനസികാവസ്ഥ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.



www.spandanamnews.blogspot.in

11. "ആകുലചിന്തകളായിരം കുന്തങ്ങ-
ളാഴത്തിൽ കോർക്കും ശിരസ്സുനിർത്തി
തീരാപ്പകയും തിളയ്ക്കുമീസ്നേഹവും
തീയിട്ടെരിച്ച മനസ്സുയർത്തി
ആരോടും ചേരുവാനാകാതെ, വൈദ്യുത-
വീചിപോലാപത്തായ് മാറും കാലം."

*(പുതുവർഷം - വിജയലക്ഷ്മി)*

കൗമാരകാലത്തെ 'ആപത്തായ്മാറും കാലം' എന്നു വിശേഷിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക.

**12 മുതൽ 14 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 6 സ്കോർ വീതം** **(2 x 6 = 12)**

12. "പൈതൽ മുണ്ടിന്മേലഴുക്കാക്കാം, കരുതിയിരിക്കുക"
"മിടുക്കത്തിയെൻമെയ്യിൽ തളിച്ചോളട്ടേ തീർത്ഥം!"
"വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ആശങ്കയും ബഷീറിന്റെ മറുപടിയും താരതമ്യം ചെയ്യുക. (കവിതയിൽ തെളിയുന്ന ബഷീറിന്റെ മറ്റു സവിശേഷതകളും പരിഗണിക്കണം.)

13. "മഴ കൊണ്ടുവരുന്ന മഴവില്ലും വസ്ത്രമാറ്റത്തിലൂടെ കൈവരുന്ന മഴവില്ലും-രണ്ടു മഴവില്ലുകൾക്കു ടമസ്ഥയായി ഞാൻ."

"ഓടിട്ട വീട്ടിലിരുന്നു കാണണം മഴ. മഴയുടെ ചറുപിറുന്നനെയുള്ള വരവ്, ഓടിൻമേൽ വീണ് തട്ടിത്തെറിച്ചുള്ള സംഗീതവിരുന്ന് എനിക്ക് പ്രിയപ്പെട്ടതാണ്."

പ്രിയ എ.എസിന്റെ 'നനയാത്ത മഴ' എന്ന അനുഭവക്കുറിപ്പ് ആസ്വാദ്യമാക്കുന്നത് അതിലെ ഭാഷയും വൈകാരികതയുമാണ്. ഈ പാഠഭാഗത്തിന്റെ വായനാനുഭവം എഴുത്തുകാരിയെ അറിയിക്കാനുള്ള കത്ത് തയാറാക്കുക (നിങ്ങളുടെ മഴയനുഭവങ്ങളും ഉൾപ്പെടുത്തണം).

14. "എം.ടി.യുടെ ബാല്യകാല അനുഭവങ്ങൾ തീവ്രതയോടെ ആവിഷ്കരിക്കുകയാണ് 'കുപ്പായം' എന്ന അനുഭവക്കുറിപ്പ്."

പാഠഭാഗം വിശകലനം ചെയ്ത് പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക. (പാഠഭാഗത്തുനിന്ന് ഉചിതമായ ഉദാഹരണങ്ങളും ഉൾപ്പെടുത്തണം).

Spandanam www.spandanamnews.blogspot.in